**ശ്രദ്ധക്ഷണിക്കൽ**

(1) വന്യമൃഗശല്യംമൂലമുള്ള കൃഷി നാശത്തിന് നഷ്ടപരിഹാരം

ശ്രീ. പി. എസ്. സുപാൽ: സർ, മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരികയാണ്. വനമേഖലയോടുചേർന്ന് ജനങ്ങൾ ഭീതിയോടെയാണ് കഴിയുന്നത്. വന്യമൃഗങ്ങൾ നാട്ടിൽ സ്വൈര്യവിഹാരം നടത്തുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന നൂറ് കണക്കിന് സംഭവങ്ങളാണ് റിപ്പോർട്ടുചെയ്തുകൊണ്ടിരിക്കുന്നത്. മലയോര മേഖലയിൽ തൊഴിലാളികൾക്ക് ജോലി ചെയ്യാൻ കഴിയുന്ന സാഹചര്യമില്ല. വിദ്യാർഥികൾക്ക് സ്കൂളിൽ പോകാൻ കഴിയുന്നില്ല. പലയിടത്തും ആളുകൾക്ക് വന്യമൃഗങ്ങളെ പേടിച്ച് പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യമാണുള്ളത്. സംസ്ഥാനത്ത് കഴിഞ്ഞ എട്ട് വർഷത്തിനിടെ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടത് 909 പേരാണ്. 7492 പേർക്ക് ആക്രമണത്തിൽ പരിക്കേൽക്കുകയും ചെയ്തു. 68 കോടിയോളം രൂപയുടെ നാശനഷ്ടമാണുണ്ടായിട്ടുള്ളത്. ജനങ്ങളുടെ ജീവനോപാധികൾ ഇല്ലാതാകുന്നു. അവരുടെ ജീവിതമാർഗമായ വളർത്തുമൃഗങ്ങളെ വന്യമൃഗങ്ങൾ കൊന്നുതിന്നുന്നു. മലയോര മേഖലയിൽ കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. പൂർണ്ണമായും വിളവെടുക്കേണ്ട വിളകൾ നശിക്കുമ്പോൾ

കർഷകർക്ക് ഭീമമായ നഷ്ടവും അതുവഴി കടക്കെണിയിലേക്ക് പോകുന്ന അവസ്ഥയുമാണുള്ളത്. കേരളത്തിന്റെ മലയോര മേഖലയിൽ മാത്രമല്ല മറ്റ് പ്രദേശങ്ങളിലും കർഷകർക്ക് ഭക്ഷ്യയോഗ്യമായ കാർഷിക ഉൽപ്പന്നങ്ങൾ കൃഷിചെയ്യാൻ കഴിയാത്ത ദയനീയാവസ്ഥയാണ് നിലവിലുള്ളത്. ഇത് കേരളത്തിന്റെ ഭക്ഷ്യോൽപാദനത്തെയും ബാധിക്കുന്നു. വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണം. കിടങ്ങുകൾ കുഴിക്കുകയും റെയിൽ ഹാങ്ങിംഗ്, ഫെൻസിങ്ങ് സംവിധാനം എന്നിവ ഏർപ്പെടുത്തുകയും ആർ.ആർ.ടി. സംവിധാനം ശക്തിപ്പെടുത്തുകയും വേണം. വന്യജീവികളെ തുരത്താനുള്ള നടപടി സ്വീകരിക്കണം. അപകടകാരികളായ മൃഗങ്ങളെ കൊല്ലാനുള്ള നടപടി സ്വീകരിക്കണം. മറ്റ് ശാസ്ത്രീയ മാർഗങ്ങളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ശക്തമായ നടപടികൾ അടിയന്തരമായി സർക്കാർ സ്വീകരിക്കുകയും ചെയ്യണം. മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന പ്രത്യേക ദുരന്തമായി കേരള സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഇത് വളരെ സ്വാഗതാർഹമായ കാര്യമാണ്. നിലവിലുള്ള സാഹചര്യത്തിന് വഴിയൊരുക്കുന്ന വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് ഭേദഗതി ചെയ്യണം. കേന്ദ്രഗവൺമെന്റാണ് ഇക്കാര്യത്തിൽ ആവശ്യമായ നടപടി

സ്വീകരിക്കേണ്ടത്. അതിന് കേന്ദ്രസർക്കാരിന്മേൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. പന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടെങ്കിലും കേന്ദ്രഗവൺമെന്റ് അനുകൂല നിലപാടല്ല സ്വീകരിച്ചത്. കേന്ദ്രഗവൺമെന്റ് അനുമതി നൽകാത്ത സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് വൈൽഡ് ലൈഫ് വാർഡന്റെ ചുമതല കൊടുത്തുകൊണ്ട് പന്നിയെ വെടിവച്ച് കൊല്ലാനുള്ള അനുവാദം നൽകുകയുണ്ടായി. ഇതെല്ലാം നമ്മുടെ നാട്ടിൽ കുറച്ചൊക്കെ നടക്കുന്നുണ്ടെന്നുള്ളത് യാഥാർഥ്യമാണ്. എങ്കിലും ഇതിനാവശ്യമായ ഫണ്ട് വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ ഈ നിലയിലുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി നമ്മുടെ നാട്ടിൽ നടത്താൻ കഴിയുകയുള്ളൂ. കൃഷി നാശത്തിന് നൽകുന്ന നഷ്ടപരിഹാരത്തുക 2020-ലാണ് അവസാനമായി വർദ്ധിപ്പിച്ചത്. ഈ തുക പര്യാപ്തമല്ല. തുച്ഛമായ നഷ്ടപരിഹാരമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. കർഷകർക്കുള്ള, കൃഷിനാശവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. വനത്തിനോട് ചേർന്നുള്ള കർഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് ഈ അപകടങ്ങളുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനാവശ്യമായ

നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. വന്യജീവികൾ വലിയ തോതിൽ നാട്ടിലേയ്ക്കിറങ്ങുമ്പോൾ വന്യജീവികൾക്കാവശ്യമായ ഭക്ഷണം കാട്ടിൽ ലഭിക്കുന്നുണ്ടോ, അതിനാവശ്യമായ കുടിവെള്ളം ലഭിക്കുന്നുണ്ടോ, ഇക്കാര്യത്തിൽ വനം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് അല്ലെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ഇക്കാര്യത്തിൽക്കൂടി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെ എസ്.എഫ്.ഡി.എ. ഫണ്ട് അടിയന്തരമായി ഉപയോഗിക്കാവുന്ന തരത്തിലുള്ള നടപടികളുണ്ടാകണം. പെട്ടെന്നൊരു വന്യജീവി ആക്രമണമുണ്ടാകുമ്പോൾ അല്ലെങ്കിൽ ആളുകൾ മരണപ്പെടുമ്പോൾ അടിയന്തരമായി ധനസഹായം കൊടുക്കേണ്ടതുണ്ട്. എന്നാൽ ഇതിന് ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതി വേണമെന്ന വാദഗതിയോട് യോജിക്കാൻ കഴിയില്ല. അതനുവദിച്ചുകൊണ്ട് റാറ്റിഫൈ ചെയ്യുന്ന നടപടി സ്വീകരിക്കുന്നതായിരിക്കും ഏറ്റവും നല്ലത്. വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഫോറസ്റ്റ് വാച്ചർമാരെ സംബന്ധിച്ചിടത്തോളം അവർക്ക് തുച്ഛമായ വരുമാനമാണ് ലഭിക്കുന്നത്. നാല് മുതൽ ആറ് മാസംവരെയുള്ള ശമ്പളം കുടിശ്ശികയാണ്. അങ്ങനെയുള്ള വാച്ചർമാർ ശമ്പളം കൂടാതെ എങ്ങനെയാണ് ഈ ജോലി ചെയ്യുന്നത്? അവരുടെ കുടുംബം

പട്ടിണിയിലാണ്. അതുകൊണ്ട് ഈ വാച്ചർമാർക്ക് കൊടുക്കാനുള്ള കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ വനാശ്രിത സമൂഹത്തിന് വനത്തിനുള്ളിൽ പരമാവധി തൊഴിലവസരങ്ങൾ ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കണം. ആദിവാസി വിഭാഗമടക്കമുള്ള ആളുകൾ, വനത്തിനുള്ളിൽ താമസിക്കുന്ന ആളുകൾ; അവർക്ക് വരുമാനമുണ്ടാകുന്ന സംവിധാനത്തെ സംബന്ധിച്ച് ഗൗരവമായ നടപടി അനിവാര്യമാണ്. ആ വിഭാഗത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക 10 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രഗവൺമെന്റ് പറയുന്നു. വർദ്ധിപ്പിച്ച തുകയാണ് സംസ്ഥാന ഗവൺമെന്റ് നൽകുന്നത്. പക്ഷേ, സംസ്ഥാന ഗവൺമെന്റ് മാത്രമാണ് പണം കൊടുക്കുന്നത്. അടുത്ത സമയത്ത് വയനാട്ടിൽ വന്യജീവി ആക്രമണമുണ്ടായ അവസരത്തിൽ കേന്ദ്രമന്ത്രി കേരളത്തിൽ വന്ന് ചില പ്രഖ്യാപനങ്ങൾ നടത്തി. പക്ഷെ, ഒരു നയാപൈസ പോലും കേന്ദ്ര സർക്കാർ നൽകുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്...

ശ്രീ. പി. എസ്. സുപാൽ: സർ, ഇത് വളരെ ഗൗരവമേറിയ വിഷയമാണ്. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഇക്കാര്യത്തിൽ അനിവാര്യമായ നടപടിയുണ്ടാകണം. വനമേഖലയിൽ താമസിക്കുന്ന ജനങ്ങളെ സംരക്ഷിക്കാനും അവരുടെ കൃഷി സംരക്ഷിക്കാനും സർക്കാരിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ എനിക്ക് പറയാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേരളത്തിലെ വനമേഖലയിൽ ജീവിക്കുന്ന കർഷക സമൂഹത്തിന്റെ പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ. വളരെ വ്യക്തമായി ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹം ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ എഡിറ്റ് ചെയ്താൽ അഞ്ച് ആവശ്യങ്ങളിൽ അത് ചുരുക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. അതിലൊന്ന്, വന്യമൃഗശല്യം ഒഴിവാക്കുന്നതിലേയ്ക്കായി പ്രതിരോധ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ്. നാം കാലാകാലങ്ങളായി സ്വീകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ പ്രതിരോധ പ്രവർത്തനങ്ങളും മുടക്കം വരാതെ നടത്തികൊണ്ടിരിക്കുകയാണ്. പക്ഷേ അത്

വേണ്ടത്ര ഫലപ്രദമാകുന്നില്ലെന്നതാണ് നമ്മുടെ അനുഭവം. അതിനാൽ പുതിയ മാർഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂറായി ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി 'ഏർലി വാണിംഗ് സിസ്റ്റം' വനത്തോട് ചേർന്നുള്ള ജനവാസമേഖലകളിൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ, കാട്ടുപന്നികളെ ഉപാധികളില്ലാതെ വെടിവയ്ക്കുന്നതിനുള്ള ഉത്തരവുകളും നൽകിയിട്ടുണ്ട്. കഴിഞ്ഞ ദിവസം ഇക്കാര്യം സഭയിൽ സൂചിപ്പിച്ചതാണ്. വെടിവയ്ക്കാൻ പരിശീലനം സിദ്ധിച്ചവരോ ലൈസൻസ് ലഭിച്ചവരോ ആയ ആളുകളുടെ എണ്ണം വളരെ കുറവായതിനാൽ പോലീസിന്റെ സഹായത്തോടുകൂടി പരിശീലനം നൽകാനുള്ള ശ്രമങ്ങൾ വനം വകുപ്പും ആഭ്യന്തര വകുപ്പും ചേർന്ന് ആലോചിച്ചതാണ്. എല്ലാത്തിലുമുള്ളതുപോലെ അതിനെയും ചില പ്രകൃതിസ്നേഹികൾ കോടതിയിൽ ചോദ്യം ചെയ്തു. അതെന്തിനാണെന്ന് എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. അവർക്ക് നല്ല പരിശീലനം നൽകേണ്ടതല്ലേ; കോടതി അത് സ്റ്റേ ചെയ്തു. ആ സ്റ്റേ നീക്കം ചെയ്യാനുള്ള നടപടികൾ ഞങ്ങൾ സ്വീകരിക്കുകയാണ്. അതുണ്ടായിരുന്നെങ്കിൽ

കാട്ടുപന്നികളുടെ ആക്രമണത്തിൽനിന്ന് കർഷകരുടെ മരണവും കൃഷിനാശവും ഒരളവോളം ഒഴിവാക്കാൻ കഴിയുമായിരുന്നു. അവിടെ വേണ്ടത്ര രീതിയിൽ വിജയിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പരമ്പരാഗത ശൈലിയിൽനിന്ന് വ്യത്യസ്തമായി കൂടുതൽ കാര്യക്ഷമതയോടെ ആർ.ആർ.ടി. (റാപ്പിഡ് റെസ്പോൺസ് ടീം) പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തതിന്റെയടിസ്ഥാനത്തിൽ നേരത്തെയുണ്ടായിരുന്നതിന് പുറമെ, 9 ആർ.ആർ.ടി.-കൾകൂടി അനുവദിക്കാനും പ്രവർത്തിക്കാനുമുള്ള അംഗീകാരം ധനകാര്യ വകുപ്പിൽനിന്ന് ലഭിച്ചിട്ടുണ്ട്. അദ്ദേഹം വനമേഖലയിലെ ജനങ്ങളോട് വളരെയധികം താല്പര്യം കാണിച്ചതിന് എല്ലാവരുടെയും പേരിൽ നന്ദി പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. 28 ആർ.ആർ.ടി.-കളും സ്പെഷ്യൽ ടീമുകളും ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും എണ്ണത്തിന്റെ കുറവുകാരണം അവർക്ക് യഥാസമയം എല്ലായിടത്തും എത്തിച്ചേരാൻ കഴിയുന്നില്ല. ഇപ്പോൾ വനം വകുപ്പിനോട് കാണിച്ചിട്ടുള്ള ഉദാരമായ നിലപാട് ആർ.ആർ.ടി.-കളുടെ എണ്ണം വർധിപ്പിക്കുന്ന

കാര്യത്തിലുമുണ്ടായാൽ ഒരളവുവരെ ഈ പരാതികൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്. അതിനുള്ള അപേക്ഷ ധനകാര്യ വകുപ്പിന്റെ മുമ്പിലാണുള്ളത്. രണ്ടാമത്തെ പ്രശ്നം, പരമ്പരാഗത രീതിയിൽനിന്ന് വ്യത്യസ്തമായി ആധുനിക സാങ്കേതിക വിദ്യകൾ സ്വീകരിക്കണമെന്ന നിർദേശം ഇന്നലെയും മിനിഞ്ഞാന്നുമായി ഈ സഭയിൽ ഉന്നയിച്ചതാണ് ഇപ്പോൾ ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. ഇതിന് പരീക്ഷണാടിസ്ഥാനത്തിലുള്ള ശ്രമങ്ങൾ ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിലെ ഇരുളം, പാമ്പ്ര, ചേലക്കൊല്ലി വനഭാഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യയുപയോഗിച്ച് സ്മാർട്ട് ഫെൻസിംഗിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഫലപ്രദമായ ആശയവിനിമയ സംവിധാനം സംബന്ധിച്ച് നിരവധി നിർദേശങ്ങൾ മുന്നോട്ടുവന്നതിന്റെ ഭാഗമായാണ് എ.ഐ.-സ്മാർട്ട് ഫെൻസിംഗ് നടത്തുന്നത്. അത് വിജയിക്കുകയാണെങ്കിൽ ചെലവ് ചുരുക്കി എല്ലായിടത്തും വ്യാപിപ്പിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

അങ്ങനെ കഴിഞ്ഞാൽ വലിയ ആശ്വാസമായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ബഹുമാനപ്പെട്ട അംഗം പറഞ്ഞ മറ്റൊരു കാര്യം നഷ്ടപരിഹാരം സംബന്ധിച്ചതാണ്. അത് രണ്ട് തരത്തിലാണ് നൽകുന്നത്. ഒന്ന്, വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെട്ടാൽ 10 ലക്ഷം രൂപയും അല്ലെങ്കിൽ നിശ്ചിത സ്ലാബ് അടിസ്ഥാനത്തിലുമാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇന്നലെയും ഇന്നുമായി ഇവിടെ പറഞ്ഞെങ്കിലും അങ്ങ് കുറച്ചുകൂടി യാഥാർത്ഥ്യബോധത്തോടെയാണ് കാര്യങ്ങൾ സംസാരിച്ചത്. കേന്ദ്രം 10 ലക്ഷം രൂപ നൽകുന്നുവെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. കേന്ദ്രം 10 ലക്ഷം രൂപ വീതം ഒരാൾക്ക് നൽകിയാൽ അങ്ങ് കാണിച്ച സൂചന പ്രകാരം 747 മരണങ്ങളുണ്ടായാൽ എത്ര ലക്ഷം രൂപ നമുക്ക് ലഭിക്കണമെന്ന് കൂട്ടി നോക്കിയാൽ മതിയാകും. അത്തരത്തിലുള്ള ഒരു തുകയും നമുക്ക് ലഭ്യമായിട്ടില്ല. നമുക്ക് 23 വന്യജീവി സങ്കേതങ്ങളാണുള്ളത്. അവ ഓരോന്നിനും ഓരോ പ്രോജക്ടാണ്. ആ പ്രോജക്ടുകളിൽ പലതരം കണ്ടന്റുകളിൽ ഒന്നുമാത്രമാണ് നഷ്ടപരിഹാരം. ഇക്കാലമത്രയും 1 കോടി 71

ലക്ഷം രൂപ മാത്രമാണ് ലഭിച്ചതെന്ന് ഞാൻ ഇന്നലെ വ്യക്തമാക്കിയതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 34 ലക്ഷം രൂപയാണ് ലഭിച്ചത്. തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് രണ്ടുമാസം മുമ്പ്, 22-12-2023-ൽ കേന്ദ്രമന്ത്രിമാർ വയനാട്ടിൽ വന്ന് പ്രഖ്യാപിച്ച ശേഷമാണ് ഒരു ഉത്തരവ് ഇറക്കുന്നത്. കേന്ദ്ര സർക്കാരിന്റെ 22-12-2023-ലെ ഓഫീസ് മെമ്മോറാണ്ടം അനുസരിച്ച്, വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുമാത്രമായി Integrated Development of Wildlife Habitats എന്ന ശീർഷകത്തിൽനിന്നും പണലഭ്യതയനുസരിച്ച് പരമാവധി 10 ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകാവുന്നതാണെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ മാത്രമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. അത് കേന്ദ്രവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. നമുക്ക് ഇവിടെ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഫലപ്രദമായി ചെയ്യാൻ കഴിയണം. കേന്ദ്രത്തിനോട് പറയേണ്ടത് കേന്ദ്രത്തിൽ പറയാനുള്ള ശ്രമങ്ങൾ ഞങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകുന്നതാണ്. കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകുന്നത് നേരത്തെ നമ്മുടെ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്.

എന്നാൽ ആ നിരക്കനുസരിച്ച് കൊടുക്കാനുള്ള പണത്തിന്റെ ലഭ്യതക്കുറവുണ്ടെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് കേരളത്തിലെ വന്യജീവി ആക്രമണം സ്പെസിഫൈഡ് ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ഇതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ പരമാവധി കഴിയുന്നുണ്ട്. അത്തരം കാലതാമസം ഒഴിവാക്കാനുള്ള ശ്രമങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. നിരക്കുകളിൽ വർധനവുണ്ടാകണമെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ചർച്ചയിൽ സമ്മതിച്ചതിന്റെയടിസ്ഥാനത്തിൽ ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് സംസാരിക്കാനായി സമയം അധികമെടുത്തിരിക്കുകയാണ്. ഉത്തരം ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഒന്നുരണ്ടു വാക്കുകൾ പറഞ്ഞ് അവസാനിപ്പിക്കാം. ഇത് പലപ്പോഴായി സഭയിൽ പറയുന്ന വിഷയമായതുകൊണ്ടാണ് വ്യക്തമാക്കുന്നത്. വനാശ്രിത സമൂഹത്തിൽ കൂടുതൽ

തൊഴിൽ സാധ്യതകളുണ്ടാകണമെന്നതാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മറ്റൊരാവശ്യം. വനാശ്രിത സമൂഹത്തിന്റേതായ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വനവിഭവങ്ങൾ ശേഖരിച്ച് 'വനശ്രീ പദ്ധതി'യിലൂടെ വില്പന നടത്തുന്നുണ്ട്. ഏറ്റവും വലിയ ടൂറിസ്റ്റ് സാധ്യതയുള്ള മേഖല വനമേഖലയാണെന്ന് സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. 91 ഇക്കോ ടൂറിസ്റ്റ് സെന്ററുകളെ വനം വകുപ്പ് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ടൂറിസം വകുപ്പുമായി സഹകരിച്ച് ആ മേഖലയിൽ കുറേയേറെ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന്റെ പ്രായോഗികതയെയും ഫലപ്രദമായ നിലനിൽപ്പിനെയുംകുറിച്ച് സഗൗരവം ചിന്തിക്കണമെന്നാണ് ടൂറിസം വകുപ്പിനോടും ഞങ്ങളെയെല്ലാം നയിക്കുന്ന മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത്. അത് കേരളത്തിലെ വനവാസി മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സഹായിക്കുകയും കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ശക്തിപകരുകയും ചെയ്യുന്നതായിരിക്കും. ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ. പി. എസ്. സുപാൽ നല്ലൊരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. വസ്തുനിഷ്ഠമായി കാര്യങ്ങളുന്നയിക്കുകയും വിശദീകരണം നൽകുകയും

ചെയ്യുമ്പോഴാണ് സർക്കാരിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നത്. അതിന് ശക്തിപകരുന്ന വിധത്തിലുള്ള നിർദേശങ്ങൾ സമർപ്പിച്ചതിന് ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നത് വസ്തുതയാണെങ്കിലും ഇവിടെ വില്ലനായി പലപ്പോഴും വരുന്നത് കേന്ദ്ര ഗവൺമെന്റാണ്. വന്യജീവി സംരക്ഷണ നിയമം ശാസ്ത്രീയമല്ലാത്തതിനാൽ അത് മാറ്റേണ്ടതുണ്ടെന്നുള്ള വലിയ ചർച്ചകൾ ഉണ്ടാവുകയാണ്. വന്യജീവി സംരക്ഷണ നിയമത്തിന്റെ പിന്തുണയുള്ളതിനാലാണ് ഇപ്പോൾ മൃഗങ്ങളെ പ്രതിരോധിക്കാൻ നമുക്ക് കഴിയാതെ പോകുന്നത്. അതുകൊണ്ട് അതിൽ ആവശ്യമായ മാറ്റം വരുത്തണം. കേന്ദ്ര ഗവൺമെന്റിന്റെ സഹായം സംസ്ഥാനത്തിന് ലഭിക്കാത്തതും വളരെ ഗൗരവമുള്ള വിഷയമാണ്. വന്യജീവി ആക്രമണംമൂലം നമ്മുടെ നാട്ടിൻപുറങ്ങളിലടക്കം കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യമാണ്. ഇത് ധാരാളം കർഷകരുടെ ജീവിതത്തെ ദോഷകരമായി ബാധിക്കുന്നു. അങ്ങ് കുറെ

കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. പക്ഷേ കേരളത്തിന്റെ പൊതുവായിട്ടുള്ള താല്പര്യം പരിഗണിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ മുമ്പാകെ ഈ വിഷയം ഗൗരവമായി കൊണ്ടുവരുന്നതിന് അങ്ങയുടെ നേതൃത്വത്തിൽ ഒരു സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെയും കേന്ദ്ര വനം വകുപ്പുമന്ത്രിയെയും കാണുന്നതിനുവേണ്ടിയുള്ള കാര്യങ്ങളെ സംബന്ധിച്ച് ആലോചിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ വിഷയം പലപ്പോഴായി ചർച്ച ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസാക്കി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. അങ്ങ് സൂചിപ്പിച്ചതുപോലെ, നിയമത്തിലുള്ള കാലോചിതമായ പരിഷ്കാരം ആവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസാക്കി അയച്ചുകൊടുക്കുക മാത്രമല്ല മന്ത്രിമാർ നേരിട്ട് കേന്ദ്ര മന്ത്രിയെക്കാണുകയും ഇക്കാര്യം ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ അനുകൂലമായ നിലപാടല്ല അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. സർവകക്ഷി സംഘത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രനേതാക്കന്മാരുമായി കേരളത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ച ചർച്ചകൾ നടത്തുന്ന ഘട്ടത്തിൽ ഈ പ്രശ്നവും

ഉയർത്തിക്കൊണ്ടുവരുമെന്നാണ് എനിക്ക് തോന്നുന്നത്. ഇക്കാര്യം നമ്മുടെ 20 എം.പി.-മാരിലൂടെ പാർലമെന്റിലോ മറ്റ് ഉചിതമായ സ്ഥലത്തോ ശ്രദ്ധയിൽപ്പെടുത്താൻ കഴിയുമോ എന്നൊരു പരിശോധനയും നടത്തേണ്ടതുണ്ട്. സാധ്യമായ എല്ലാ ശ്രമങ്ങളും ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(2) <u>സ്കൈ വാക്ക് പദ്ധതി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഒരു നാടിന്റെ ദുഃഖമായി നിൽക്കുന്ന ഒരു നിർമ്മാണ പ്രവർത്തനം 10 വർഷത്തോളമായി നിശ്ചലമായിരിക്കുകയാണ്. കേരളത്തിൽ റോഡ് സുരക്ഷയെയും ഗതാഗതക്കുരുക്കിനെയും കുറിച്ച് പഠനം നടത്തുന്ന സർക്കാർ ഏജൻസിയായ നാറ്റ്പാക് 2014-15-ൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പതിനായിരത്തിലധികം ആളുകൾ യാത്ര ചെയ്യുന്നതും ഒരു ലക്ഷത്തിലധികം വാഹനങ്ങൾ കടന്നുപോകുന്നതുമായ റോഡുകളിലെ ഗതാഗതം നിയന്ത്രിക്കുന്നതിന് നടപടിയെടുക്കണമെന്ന് തീരുമാനിച്ചത്. എം.സി. റോഡിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവിക്കുന്ന കോട്ടയത്തിന്റെ

ഹൃദയഭാഗത്ത് അഞ്ച് റോഡുകൾ വന്നുചേരുന്ന സ്ഥലത്ത് മേൽപ്പാലം വേണമെന്ന് നാറ്റ്പാക് പറഞ്ഞുവെങ്കിലും അവിടെയൊരു സ്കൈ വാക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടിയെടുത്തു. പ്രതിദിനം ഒരു ലക്ഷത്തിലധികം വാഹനങ്ങളും പതിനായിരത്തിലധികം ആളുകളും ആ ജംഗ്ഷൻ വഴി കടന്നുപോകുന്നുണ്ട്. ആദ്യം അതിന് അഞ്ച് കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് utility shifting അടക്കം 5.18 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി, കിറ്റ്കോ-യ്ക്ക് ഗവൺമെന്റ് കരാർ കൊടുക്കുകയും ചെയ്തു. രണ്ട് കോടി രൂപയുടെ പ്രവൃത്തി ഏകദേശം പൂർത്തിയാക്കി. തുടർന്ന് പ്രവൃത്തി പുനരാരംഭിക്കുന്നതിന്റെ ചർച്ചകൾ പല ഘട്ടങ്ങളിലായി അന്നത്തെ ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്നിട്ടുണ്ട്. അന്നത്തെ ഗതാഗത വകുപ്പുമന്ത്രിയും തുറമുഖ-സഹകരണ വകുപ്പുമന്ത്രിയും ഇതിന്റെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി രണ്ട് ചർച്ചകളിൽ പങ്കെടുത്തിട്ടുള്ളതാണ്. സാംങ്ഷൻഡ് തുകയായ 5.18 കോടി രൂപയ്ക്കുപുറമേ 1,65,01,843 രൂപ അധികമായി വേണ്ടിവരുമെന്നും അത് എം.എൽ.എ. ഫണ്ടിൽനിന്നും നൽകാമോ എന്നും ചോദിച്ച് ജില്ലാ കളക്ടർ

എനിക്കൊരു കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ, എങ്ങനെയും പണി പൂർത്തിയാകട്ടെ എന്ന ആഗ്രഹത്താൽ പ്രസ്തുത തുക നൽകാമെന്ന് ഞാൻ എഴുതിക്കൊടുത്തു. തുടർന്ന് അതുൾപ്പെടുത്തിയ പ്രൊപ്പോസലിന്റെ അംഗീകാരത്തിനായി ട്രാൻസ്പോർട്ട് കമ്മീഷണറെ അറിയിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത വർക്കിൽ പുരോഗതിയില്ലാത്തതിനാൽ അവിടെയുള്ള ഒരു മാധ്യമ പ്രവർത്തകൻ ഹൈക്കോടതിയിൽ പൊതുതാല്പര്യ ഹർജി കൊടുത്തു. എന്നെക്കൂടി കേൾക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അതിൽ ഞാൻ കക്ഷിചേരാൻ അഭ്യർത്ഥിച്ചതനുസരിച്ച് ഹൈക്കോടതി അനുവദിക്കുകയും ചെയ്തു. 01-11-2022-ൽ ജില്ലാ കളക്ടർ അനുകൂലമായി കോടതിയിൽ കൊടുത്ത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് 04-11-2022-ൽ ബഹുമാനപ്പെട്ട കോടതി ഒരു ഒബ്സർവേഷൻ നടത്തി. ഇക്കാര്യത്തിൽ 6 ഉത്തരവുകൾ വിവിധഘട്ടങ്ങളിലായി കോടതി കൊടുത്തിട്ടുണ്ട്. സ്കൈ വാക്ക് പ്രോജക്ടിന് സ്ട്രക്ച്ചറൽ സ്റ്റബിലിറ്റിയുണ്ടെന്ന് പി.ഡബ്ല്യു.ഡി.-യിലെ സ്ട്രക്ച്ചറൽ എഞ്ചിനീയർ, തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ളവർ റിപ്പോർട്ട്

കൊടുത്തിട്ടുണ്ട്. ഇതിന്മേൽ പാലക്കാട് ഐ.ഐ.ടി.-യുടെ റിപ്പോർട്ട് വേണമെന്ന് പിന്നീട് ആവശ്യപ്പെട്ടതനുസരിച്ച് അതും കൊടുത്തിട്ടുണ്ട്. ഈ കാലഘട്ടത്തിൽ തുടങ്ങിയ കോട്ടയം സ്കൈ വാക്ക് ഒഴിച്ചുള്ള എല്ലാ ആകാശപ്പാതകൾക്കും ഗവൺമെന്റ് സാങ്ഷൻ കൊടുത്ത് ഉദ്ഘാടനവും നടത്തി. ഇതിന്റെ മാത്രം നിർമ്മാണം മന്ദീഭവിച്ച് കിടക്കുകയാണ്. നമ്മുടെ സാംസ്കാരിക കേന്ദ്രമായ കോട്ടയത്തിന്റെ ഏറ്റവും സുപ്രധാനമായ സ്ഥലത്ത് നിർമ്മാണം പാതിവഴിയിൽ നിൽക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുകൂടി ഒരു വാക്ക് പറയാനുണ്ട്. അങ്ങേയ്ക്ക് ഇതുസംബന്ധിച്ച് കൃത്യമായി അറിയാം. അങ്ങ് ഇതുവഴി പലപ്രാവശ്യം പോയിട്ടുണ്ട്. ഇതെന്താ പണി പൂർത്തിയാകാതെ നിൽക്കുന്നതെന്ന് സ്വാഭാവികമായും അങ്ങും ആലോചിച്ചിട്ടുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് ഇതിന്റെ പണി പൂർത്തീകരിക്കണം. അതിന് എം.എൽ.എ. ഫണ്ട് നൽകണമെന്ന് പറഞ്ഞതനുസരിച്ച് അതും കൊടുത്തു. എം.എൽ.എ. ഫണ്ട് എത്രയുണ്ടാകുമെന്ന് അങ്ങേയ്ക്കറിയാമല്ലോ? ഒരു വർഷത്തെ എം.എൽ.എ. ഫണ്ടിലെ മൂന്നിലൊന്നിൽ കൂടുതൽ തുക കൊടുക്കാമെന്നും പറഞ്ഞു. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഇടപെട്ട് ഇതെങ്ങനെയെങ്കിലും അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രി പോസിറ്റീവായി മറുപടി പറയുമെന്നാണ് എന്റെ വിശ്വാസം. ബഹുമാനപ്പെട്ട പിണറായി വിജയൻ ഗവൺമെന്റിന്റെ നല്ല രൂപത്തിലുള്ള ഒരു ഫിനിഷിംഗ് പോയിന്റിൽ ഇതിനെ എത്തിക്കുന്നതിനുള്ള ശ്രമമുണ്ടാക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, സഭയിലെ മുതിർന്ന അംഗമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യങ്ങളിൽ, അദ്ദേഹം പറഞ്ഞത് നാറ്റ്പാക്കിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് തുടങ്ങിയതെന്നാണ്. അതിൽ ചെറിയൊരു മിസ്റ്റേക്കുണ്ട്. സ്കൈ വാക്ക് പദ്ധതി തുടങ്ങിയിരിക്കുന്നത് ലിയോ ചങ്ങനാശ്ശേരി എന്ന സ്വകാര്യസ്ഥാപനം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ്. അതിന്റെ മറ്റൊരു ഘട്ടത്തിലാണ് നാറ്റ്പാക്ക് പരിശോധന നടത്തിയത്. ഇതിനായി ലിയോ ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിന് 36000 രൂപ 2015-ൽ കൈമാറി. ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത് റോഡ് സേഫ്റ്റി അതോറിറ്റി മുഖേനയാണ്. എന്നാൽ ഈ പദ്ധതിയും റോഡ് സേഫ്റ്റി അതോറിറ്റിയും

തമ്മിൽ യാതൊരു ബന്ധവുമില്ല. ഇതിലെ റെക്കറിംഗ് എക്സ്പെൻഡിച്ചർ വഹിക്കാൻ റോഡ് സേഫ്റ്റി അതോറിറ്റി നിയമം അനുവദിക്കില്ല. ഒറ്റത്തവണയായി ചില കാര്യങ്ങൾ സെറ്റിൽ ചെയ്യാനും റോഡിലെ അപകടങ്ങൾ ഒഴിവാക്കാനുള്ള പദ്ധതികൾക്കുമായാണ് റോഡ് സേഫ്റ്റി അതോറിറ്റി പ്രവർത്തിക്കുന്നത്. ആ മാനദണ്ഡത്തിൽനിന്നും അടിസ്ഥാനപരമായി വ്യതിചലിച്ചുകൊണ്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിൽ, ഒരു ഓവർ ബ്രിഡ്ജ് എന്നതിനപ്പുറം ചില വ്യാപാര സ്ഥാപനങ്ങളും വിഭാവനം ചെയ്തിരുന്നു. പിന്നീടിത് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏല്പിക്കണമെന്ന് ഫണ്ട് നൽകുന്ന ഡിപ്പാർട്ട്മെന്റ് എന്ന നിലയിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് അറിയിച്ചു. അന്നത്തെ ഗവൺമെന്റ് ഓർഡർ അനുസരിച്ച് ഈ ആകാശപ്പാത നിർമ്മിക്കാനുള്ള അധികാരം കിറ്റ്കോയ്ക്ക് കൊടുക്കാൻ കഴിയില്ലായിരുന്നു. ഓവർബ്രിഡ്ജുകൾ, റോഡുകൾ, ബ്രിഡ്ജുകൾ എന്നിവ നിർമ്മിക്കാനുള്ള അധികാരം നൽകിയിരുന്നത് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനാണ്. പി.ഡബ്ല്യൂ.ഡി.-യുടെ ജനറൽ വർക്ക്സ്

മാത്രമേ കിറ്റ്കോയ്ക്ക് നൽകാൻ കഴിയൂ. എന്നാൽ അത് ലംഘിച്ചുകൊണ്ടാണ് അന്നത്തെ മന്ത്രിയുടെ ഉത്തരവുപ്രകാരം കിറ്റ്കോയ്ക്ക് ഇത് കൈമാറിയത്. അതിനുശേഷം കിറ്റ്കോ പണി ആരംഭിച്ചു. അദ്ദേഹം പറഞ്ഞത് ശരിയാണ്, കോട്ടയം ജില്ലയിലൂടെ കടന്നുപോകുന്നവരെല്ലാം ഇതെന്താണെന്ന് ആലോചിക്കും. എറണാകുളത്ത് ബിനാലെയ്ക്ക് വന്ന ഒരു കലാകാരൻ സ്ഥലത്തെ എം.എൽ.എ.-യോടുള്ള ബന്ധം കൊണ്ടുണ്ടാക്കി നൽകിയ ശില്പമാണെന്നാണ് ഞാനും കരുതിയിരുന്നത്. തുടർന്ന് ഗതാഗത വകുപ്പുമന്ത്രിയായി ചുമതലയേറ്റപ്പോഴാണ് ഇതൊരു സ്റ്റൈ വാക്കാണെന്ന് അറിയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുകണ്ടോ എന്നൊക്കെ എല്ലാവരും ചോദിക്കുന്നു. സാധാരണ കാണുന്നവർ ചിന്തിക്കുന്നത് ഇപ്രകാരമാണ്. പക്ഷേ ഇത് പൊളിച്ചുമാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽനിന്നും നോട്ടീസ് വന്നു. ഇതിന് സ്ഥലം ഏറ്റെടുക്കണമായിരുന്നു. എന്നാൽ സ്വകാര്യ സ്ഥലമോ മറ്റ് സ്ഥലങ്ങളോ ഏറ്റെടുക്കേണ്ട ആവശ്യമില്ലെന്നാണ് അന്നത്തെ ജില്ലാ കളക്ടർ ആദ്യം

പറഞ്ഞിരുന്നത്. കോടതിയിൽനിന്നും നോട്ടീസ് വന്നപ്പോൾ ഞങ്ങൾ കളക്ടർക്ക് കത്ത് കൊടുത്തു. അവിടെ YMCA-യുടെ സ്ഥലമുണ്ട്, മുനിസിപ്പാലിറ്റിയുടെ സ്ഥലം മാത്രമാണ് അവർ നൽകിയിട്ടുള്ളത്. ബാക്കി സ്ഥലങ്ങളെല്ലാം ഏറ്റെടുക്കണമെങ്കിൽ കോടിക്കണക്കിന് രൂപ ആവശ്യമാണ്. സ്വകാര്യവ്യക്തികളുടേതും ചർച്ചിന്റേയും സ്ഥലമെല്ലാം സൗജന്യമായി നൽകുമെന്നാണ് അന്ന് പറഞ്ഞിരുന്നത്. ഇപ്പോൾ സി.എസ്.ഐ. ചർച്ച്, ഭൂവുടമകൾ, കേന്ദ്ര സർക്കാരിന്റെ തപാൽ വകുപ്പ് എന്നിവർ ഭൂമി വിട്ടുനൽകാൻ വിസമ്മതിച്ചിരിക്കുകയാണ്. ഇനി അവർ ഭൂമി നൽകാൻ സാധ്യതയില്ലെന്നാണ് ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നത്. അവർ സ്ഥലം നൽകാത്തതിനാൽ കാശ് കൊടുത്ത് സ്ഥലമേറ്റെടുക്കാൻ റോഡ് സേഫ്റ്റി അതോറിറ്റിക്ക് അധികാരമില്ല. ഇതുകൂടാതെ അവിടെ ലിഫ്റ്റ് സ്ഥാപിക്കുന്നതുപോലെയുള്ള ആവർത്തിച്ചുവരുന്ന ചെലവുകളുമുണ്ട്. ഇതുസംബന്ധിച്ച് പാലക്കാട് ഐ.ഐ.ടി. സമർപ്പിച്ച ഒരു റിപ്പോർട്ടിലെ ചില കാര്യങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് മനസ്സിലാക്കുന്നതിനായി ഞാൻ പറയാം. നിർദ്ദിഷ്ട സ്റ്റൈൽ വാക്ക് ഘടനയിൽ മതിയായ ഭിത്തിയില്ല എന്നും അപര്യാപ്തമായ സ്ട്രക്ച്ചർ ശക്തിപ്പെടുത്തുന്നതിന്റെ

സാധ്യത പരിശോധിക്കേണ്ടതാണെന്നും കൂടാതെ ഫൗണ്ടേഷൻ അപര്യാപ്തമാണെന്നും സൈസ് കൂട്ടേണ്ടതാണെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട കോടതിയെയും അറിയിച്ചിട്ടുണ്ട്. അതോടൊപ്പം സ്കൈ വാക്കിന്റെ ഡി.പി.ആർ.-ൽ അഞ്ച് റോഡുകൾക്കുമായി അഞ്ച് സ്റ്റെയർകേസുകൾ തീരുമാനിച്ചിരുന്നു. എന്നാൽ 6.5 മീറ്റർ ഉയരമുള്ള സ്കൈ വാക്കിന് 6 ലിഫ്റ്റും 3 സ്റ്റെയർകേസും നിർബന്ധമാക്കണമെന്ന് ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ നാറ്റ്പാക് പിന്നീട് നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ലിഫ്റ്റുംകൂടി ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കുന്നതിന് കിറ്റ്കോ തയ്യാറാക്കിയ പുതിയ എസ്റ്റിമേറ്റ് പ്രകാരം 17 കോടി 85 ലക്ഷം രൂപ വേണ്ടിവരുന്നതാണ്. അദ്ദേഹം പറഞ്ഞതുപോലെ ഒരു കോടി രൂപ അങ്ങയുടെ ഫണ്ടിൽനിന്നും നൽകിയതുകൊണ്ട് ഇതിന്റെ നിർമ്മാണം പൂർത്തിയാകില്ല. 17 കോടി 85 ലക്ഷം രൂപയാണ് ഇതിന്റെ ഇപ്പോഴുള്ള എസ്റ്റിമേറ്റ്. ഈ പ്രവൃത്തിക്ക് ആദ്യം 5 കോടി രൂപ അനുവദിക്കുകയും പിന്നീട് അത് 5.18 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. അങ്ങ് പറഞ്ഞത് ശരിയാണ്. ഒരു തിരഞ്ഞെടുപ്പ് വിജ്ഞാപനം നിലനിൽക്കുന്ന സമയത്താണ് ഇങ്ങനെ ചെയ്തത്. ഇതിനിടയിൽ

കിറ്റ്കോയിൽ ചില ക്രമക്കേടുകൾ നടക്കുന്നുവെന്നറിഞ്ഞ് വിജിലൻസ് വകുപ്പിലും പരാതി ലഭിച്ചു. വിജിലൻസ് ഈ വിഷയം പഠിക്കുകയും അന്വേഷണം നടത്തുകയും ചെയ്തു. ഇതിന്റെ എഞ്ചിനീയറിംഗിൽ ചില പാളിച്ചകൾ പറ്റിയിട്ടുണ്ടെന്നും അതുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കയ്യിൽനിന്നും തുക പിടിച്ചെടുക്കണമെന്നുമാണ് വിജിലൻസ് റിപ്പോർട്ടിൽ പറയുന്നത്. ചില ഉദ്യോഗസ്ഥരുടെ പേരുകളും അതിൽ പറഞ്ഞിട്ടുമുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നൽകിയതുമായി ബന്ധപ്പെട്ട് അവസാനമൊരു നോട്ടീസ് വന്നു. ആ നോട്ടീസിന്റെ അടിസ്ഥാനത്തിൽ  സ്ഥലം ഏറ്റെടുക്കാൻ സാധിക്കുമോ; ഇതിന്റെ തുടർ പരിപാലനം ആരാണ് ചെയ്യുന്നത്; ഇതിന്റെ വൈദ്യുതി ചാർജ്ജ് ആരാണ് നൽകുന്നത്; ഇതിനകത്ത് വിഭാവനം ചെയ്തിരിക്കുന്ന കടകളുടെ വാടക ആര് ശേഖരിക്കും എന്നിങ്ങനെയുള്ള ഒരു ചോദ്യാവലി കളക്ടർക്ക് അയച്ചുകൊടുത്തു. ഇതൊന്നും റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഭരണഘടനയിൽപ്പെടുന്ന കാര്യമല്ല. അങ്ങനെ ചെയ്യാൻ അവർക്ക് അധികാരവുമില്ല; അത് ചെയ്യുകയുമില്ല. റെക്കറിംഗ്   എക്സ്പെൻഡിച്ചറും ഇൻകവും എടുക്കാനുള്ള അധികാരം റോഡ്

സേഫ്റ്റി അതോറിറ്റി നിയമത്തിലില്ല. അതുകൊണ്ട് ആര് ഇത് ചെയ്യുമെന്ന് കളക്ടറോട് ചോദിച്ചപ്പോൾ സ്ഥലം ഏറ്റെടുക്കാൻ ഞങ്ങളെക്കൊണ്ട് സാധിക്കില്ലെന്നാണ് കളക്ടർ മറുപടി നൽകിയത്. ആ മറുപടിയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കാര്യങ്ങൾ നിൽക്കുന്നത്. കോടതിയിൽ നൽകാനുള്ളതായതിനാൽ ഒരു നിശ്ചിത തീയതിക്കകം മറുപടി നൽകണമെന്നു പറഞ്ഞാണ് അവസാനം കളക്ടർക്ക് കത്ത് നൽകിയത്. പക്ഷേ വൈകിയാണെങ്കിലും അദ്ദേഹം കൃത്യമായ മറുപടി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കാൻ പറ്റില്ലെന്നും ഇതിൽ ഒരു സ്ഥലം കേന്ദ്ര ഗവൺമെന്റിന്റേതും മറ്റൊന്ന് സി.എസ്.ഐ. ചർച്ചിന്റേതുമാണെന്നും അവരൊന്നും സ്ഥലം വിട്ടുനൽകില്ലെന്നുമാണ് ആ മറുപടിയിൽ പറയുന്നത്. അങ്ങനെ സ്ഥലം ഏറ്റെടുക്കാതെ ചെയ്താൽ ഇത് റോഡിലായിരിക്കും നിർമ്മിക്കേണ്ടി വരുന്നത്. അങ്ങനെ ചെയ്താൽ കോട്ടയം നഗരത്തിൽ വികസനത്തിന്റെ ഭാഗമായി വരുന്ന മാറ്റങ്ങളിൽ ഇത് പിന്നീട് പൊളിച്ചുമാറ്റേണ്ടി വരും. 17 കോടി രൂപ ചെലവാക്കി അതിന്റെ സ്ട്രക്ച്ചർ മൊത്തത്തിൽ പൂർത്തിയാക്കാൻ തീരുമാനിച്ചാൽ വികസനത്തിന്റെ ഭാഗമായി അത് പിന്നീട് പൊളിച്ച്

കളയേണ്ടിവരുന്നതാണ്. കൂടാതെ കിറ്റ്കോയുടെ പ്രവർത്തനത്തിൽ അപാകതയുണ്ടെന്നും കണ്ടുപിടിച്ചിരുന്നു. മാത്രമല്ല അത് സ്റ്റെങ്ത്തൻ ചെയ്യണമെന്ന് പാലക്കാട് ഐ.ഐ.ടി.യും പറഞ്ഞിരുന്നു. അതിനെല്ലാംകൂടി പതിനേഴര കോടി രൂപ ചെലവ് വരുന്നതാണ്. സ്ഥലം ഏറ്റെടുക്കാതെ റോഡിൽനിന്നും ചെയ്താൽ അതിന് 17 കോടി 85 ലക്ഷം രൂപ വേണമെന്നാണ് കിറ്റ്കോ പറയുന്നത്. സ്റ്റെങ്ത്തൻ ചെയ്ത്, സ്ഥലം എടുത്താൽ മാത്രമേ അതറിയാൻ സാധിക്കുകയുള്ളൂ. അങ്ങനെ ചെയ്യുമ്പോൾ ആ റോഡിൽ കൂടുതൽ വികസനങ്ങൾ വരുമ്പോൾ തീർച്ചയായും ഇത് പൊളിച്ചുമാറ്റേണ്ടിവരുമെന്നാണ് അവസാനമായി കിട്ടിയ റിപ്പോർട്ട്. ചെയ്യാൻ പാടില്ലാത്തൊരു കാര്യമാണ് ഇതിൽ ചെയ്തിരിക്കുന്നത്. റോഡ് സേഫ്റ്റി അതോറിറ്റിയുടെ ലക്ഷ്യങ്ങളിൽപ്പെട്ടൊരു കാര്യമല്ല ഇത്. അങ്ങ് പറഞ്ഞതുപോലെ ഒരു പോസിറ്റീവായൊരു മറുപടി പറയണമെന്ന് ആഗ്രഹമുണ്ടെങ്കിലും 5 കോടി രൂപയ്ക്ക് പുറത്ത് പന്ത്രണ്ട് കോടി രൂപ കൂടി ചെലവാക്കുന്നത് സാധ്യമായ കാര്യമല്ലെന്നാണ് പറയാനുള്ളത്. ഇക്കാര്യത്തിൽ ഒരു പോസിറ്റീവായ മറുപടി പറയാൻ സാധിക്കില്ല. കാരണം നിലവിൽ സ്കൈ വാക്ക് പദ്ധതി

പൂർത്തീകരിക്കണമെങ്കിൽ കിറ്റ്കോയുടെ പുതുക്കിയ എസ്റ്റിമേറ്റുപ്രകാരം 17.85 കോടി രൂപ കൂടാതെ ഐ.ഐ.ടി. നിർദ്ദേശപ്രകാരം സ്റ്റെബിലിറ്റി വർദ്ധിപ്പിക്കാനും സ്ഥലം ഏറ്റെടുക്കുന്നതിനും തുടർ പരിപാലനത്തിനുമുള്ള തുകയും ചേർത്ത് വലിയൊരു തുക കണ്ടെത്തേണ്ടിവരുന്നതാണ്. ഇപ്രകാരം പണിയുന്ന സ്കൈ വാക്ക് ഗതാഗതക്കുരുക്ക് വർദ്ധിച്ചുവരുന്ന കോട്ടയം നഗരത്തിൽ ഭാവിയിൽ റോഡ് വികസനമുണ്ടായാൽ പൊളിച്ചുമാറ്റേണ്ടിയും വരും. അതിനാൽ കേരള റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ടുപയോഗിച്ച് കോട്ടയം സ്കൈ വാക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടരുവാൻ കഴിയാത്ത സാഹചര്യമാണെന്ന് വളരെ ദൗർഭാഗ്യത്തോടെ അറിയിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ അഭിപ്രായം ഇതായിരിക്കുമെന്ന് എനിക്ക് നേരത്തെ അറിയാമായിരുന്നു. അതുകൊണ്ടാണ് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണമെന്ന് ഞാൻ പറഞ്ഞത്. അദ്ദേഹം വ്യക്തിപരമായി ചിലകാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അത് ഞാൻ പറയുന്നില്ല. ഇവിടത്തെ പ്രധാനപ്പെട്ട വിഷയം എന്താണ്; അഞ്ച് മെയിൻ റോഡുകൾ വന്നുചേരുന്ന സ്ഥലമാണിത്. അവിടെനിന്നും മനുഷ്യന്

മുന്നോട്ടുപോകണ്ടേ; അതിനുവേണ്ട എന്തെങ്കിലും സംവിധാനമുണ്ടാക്കണ്ടേ; ആ സംവിധാനം കഴിഞ്ഞ 8 വർഷത്തോളമായി നോക്കുകുത്തിയായി നിൽക്കുകയാണ്. ഈ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ജനങ്ങളെ നോക്കാൻ സാധിക്കാത്ത രൂപത്തിലേയ്ക്ക് ഗവൺമെന്റും വരികയാണ്. ഈ ഗവൺമെന്റ് ഇത് എന്തുകൊണ്ട് പൂർത്തിയാക്കുന്നില്ല എന്നൊരു ചോദ്യം നിലനിൽക്കുകയാണ്. ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങളെയും ആക്ഷേപിക്കുന്ന രൂപത്തിലേയ്ക്ക് ഒരു കാഴ്ച അവിടെ നിലനിർത്താൻ പറ്റുമോ? അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിൽ ഇടപെട്ട് അവിടെയുള്ള സഞ്ചാര സൗകര്യം വർദ്ധിപ്പിച്ച് നാട്ടുകാരെ രക്ഷിക്കണം. അത് പൊളിച്ചുമാറ്റേണ്ടിവരുമെമെന്നാണ് അദ്ദേഹം പറയുന്നത്. അത് പൊളിച്ച് മാറ്റുകയാണെങ്കിൽ തൊട്ടപ്പുറത്ത് ഭൂമി ഏറ്റെടുക്കേണ്ടിവരും. ഇത് പൊളിച്ച് മാറ്റുകയാണെങ്കിൽ വിദ്യാർത്ഥി മിത്രവും സി.എസ്.ഐ. ചർച്ചിന്റെ കുറേ ഭാഗങ്ങളും മുനിസിപ്പൽ ആഫീസും പൊളിച്ചുമാറ്റേണ്ടിവരുന്നതാണ്. അതൊന്നുമല്ല ഞാൻ പറഞ്ഞത്, ഞാൻ ചെറിയൊരു കാര്യം മാത്രമെ പറഞ്ഞുള്ളൂ, നടത്തിക്കൊണ്ടിരിക്കുന്നൊരു നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുകയും അവിടെയുള്ള ജനങ്ങളുടെ

വേദനയും ദുഃഖവും അവസാനിപ്പിക്കുകയും ചെയ്യണം. ഇതുസംബന്ധിച്ച് എല്ലാ മാധ്യമങ്ങളിലും വാർത്തകൾ വന്നിട്ടുണ്ട്. ദീപിക പത്രം എഡിറ്റോറിയൽ എഴുതിയിട്ടുണ്ട്. മലയാള മനോരമ പത്രവും അതിനെക്കുറിച്ച് ശക്തമായി വാദിച്ചു. ഇത്രയും പ്രാധാന്യമുള്ളൊരു നിർമ്മാണത്തിന് ഈസിയായൊരു മറുപടി പറഞ്ഞത് വളരെ കഷ്ടമായിപ്പോയി. ഇതിൽ ഞാൻ എന്റെ ദുഃഖം രേഖപ്പെടുത്തുകയാണ്. ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അത് ഉണ്ടാകുമോയെന്നാണ് ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുന്നത്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിന്നീട് മറുപടി പറയും. ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞകാര്യത്തിൽ ഒളിച്ചുവയ്ക്കാനൊന്നുമില്ല. ഞാൻ ഗതാഗത വകുപ്പുമന്ത്രിയായി ചുമതലയേറ്റെടുത്തപ്പോൾ അങ്ങ് പറഞ്ഞതുപ്രകാരമാണ് ഈ ഫയൽ പരിശോധിക്കുന്നത്. അതോടൊപ്പം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നോട്ടീസും വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഫയൽ

പരിശോധിക്കുന്നതുകൊണ്ട് തെറ്റൊന്നുമില്ല. ഞാൻ പറഞ്ഞിടത്ത് കാര്യങ്ങൾ നിൽക്കില്ലെന്നാണ് അദ്ദേഹം ഫയൽ പരിശോധിച്ചാലുണ്ടാകാൻ പോകുന്ന ഭവിഷ്യത്ത്. ബഹുമാനപ്പെട്ട അംഗത്തോട് എനിക്ക് വ്യക്തിപരമായ വിരോധമൊന്നുമില്ല. ഇക്കാര്യം സംബന്ധിച്ച് എന്നോട് പറഞ്ഞപ്പോൾ ഞാൻ തമാശ രൂപത്തിൽ  പറഞ്ഞത്..... ഞാൻ വനം വകുപ്പുമന്ത്രിയായിരിക്കുമ്പോൾ എന്റെ മണ്ഡലത്തിൽ വനം വകുപ്പിന്റെ ശബരി കുടിവെള്ള പദ്ധതി തുടങ്ങാൻവേണ്ടി നാൽപ്പത്തിയഞ്ച് ലക്ഷം രൂപയോളം ചെലവുവരുന്ന വലിയൊരു ഫാക്ടറി വന്നു. അതിന്റെ മെഷീൻ വാങ്ങുന്നതിനുവേണ്ടി 40 ലക്ഷം രൂപ വേണമായിരുന്നു. ഞാൻ അദ്ദേഹത്തെ സമീപിച്ചപ്പോൾ നിഷ്കരുണം അതുവേണ്ടെന്നുവച്ചു. അത് പൊതുമുതലാണ്. അത് ഇന്നും കാടുകയറി കിടക്കുകയാണ്. ഇക്കാര്യം മലയാള മനോരമ പത്രം റിപ്പോർട്ട് ചെയ്യുന്നില്ലെങ്കിലും  നാൽപ്പത്തിയഞ്ച് ലക്ഷം രൂപയോളം ചെലവാക്കിയിട്ടും ഇതുനശിച്ച് കിടക്കുന്നതിനെക്കുറിച്ച് നാട്ടുകാർ ചോദിക്കുന്നുണ്ട്. അങ്ങയുടെ നിലപാടല്ല,  എന്റേത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കോടതി മുമ്പാകെ സർക്കാർ അറിയിച്ചിട്ടുണ്ട്. ഇതിൽ ക്രമക്കേടാണ് നടന്നിരിക്കുന്നത്, ചെയ്യാൻ

പാടില്ലാത്തൊരു വകുപ്പിനെക്കൊണ്ട് ആവശ്യമില്ലാത്ത പണി ചെയ്യിക്കുകയാണ് ചെയ്തിരിക്കുന്നത്. അങ്ങ് പറഞ്ഞത് ചെറിയൊരുകാര്യമാണെന്നാണ്. ഈ കാര്യം എന്താണെന്ന് എന്റെ മറുപടിയിൽനിന്നും ജനങ്ങൾക്ക് മനസ്സിലാകും. എന്താണ് കോട്ടയത്ത് ഇങ്ങനെ നിൽക്കുന്നതെന്ന് മലയാള മനോരമ, ദീപിക പത്രങ്ങൾക്ക് സംശയമുണ്ടെങ്കിലും ഈ മറുപടിയിൽനിന്നും ജനങ്ങൾക്ക് മനസിലാകും. കാരണം ഈ മറുപടി റെക്കോർഡിക്കലാണ്. ഈ മറുപടിയിൽ പറഞ്ഞ ഒരു കാര്യവും അസത്യമല്ല. സത്യം മാത്രമെ വെളിപ്പെടുത്തിയിട്ടുള്ളൂ. ഈ ഫയൽ അങ്ങേയ്ക്കും പരിശോധിക്കാവുന്നതാണ്. ഇത് മൂന്നുകെട്ടുള്ള വലിയ ഫയലാണ്, ഇതുസംബന്ധിച്ച് കുറച്ച് നാളുകളായി നടക്കുന്ന വ്യവഹാരങ്ങളാണിതിലുള്ളത്. വിജിലൻസ് കണ്ടെത്തിയിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളാണിത്. ഇലക്ഷൻ കമ്മീഷന്റെ പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സമയത്താണ് 5 കോടി രൂപയെന്നത് 5.18 കോടി രൂപയാക്കി കൊടുത്തത്. അതുതന്നെ തെറ്റായ നടപടിയാണ്. അങ്ങേയറ്റം സാങ്കേതിക പിഴവുകളുള്ള കാര്യമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണമെന്ന് അങ്ങേയ്ക്ക്

ആഗ്രഹമുണ്ടെങ്കിൽ, ഇന്നുതന്നെ ഫയൽ കൊണ്ടുവരമണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയാണെങ്കിൽ അദ്ദേഹത്തിന്റെ ഓഫീസിൽ എത്തിക്കുന്നതാണ്. അത് പരിശോധിച്ചാൽ ഞാൻ പറഞ്ഞതിന്റെ സത്യം മനസ്സിലാകുന്നതാണ്. ഇത് ഒന്നേകാൽ കോടി രൂപയ്ക്കൊന്നും പൂർത്തിയാകില്ല. 17 കോടി 85 ലക്ഷം രൂപ ചെലവഴിക്കണം. കൂടാതെ അത് സ്ട്രെങ്ത്തൻ ചെയ്യണം, സ്ഥലം ഏറ്റെടുക്കണം. അങ്ങ് പറഞ്ഞതുപോലെ സ്ഥലം അക്വയർ ചെയ്യണമെങ്കിൽ വിദ്യാർത്ഥിമിത്രം പൊളിക്കേണ്ടിവരും. കോട്ടയത്ത് ഇനി അടുത്ത കാലത്തൊന്നും വികസനം വരാൻ പോകുന്നില്ല. എം. ജി. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്ത പി.ടി. ചാക്കോയുടെ പ്രതിമയുടെ പുറത്തായിരിക്കും ഇത് പൊട്ടിവീഴാൻ പോകുന്നത്. ഇതറിയാത്തതുകൊണ്ടല്ല. കോട്ടയം നഗരത്തിൽ വികസനം വന്നാൽ വിദ്യാർത്ഥിമിത്രം പൊളിക്കേണ്ടിയും മുനിസിപ്പാലിറ്റി സ്ഥലം നൽകേണ്ടിയുംവരും. അങ്ങനെ വരുമ്പോൾ ഇത് അവിടെ നിലനിൽക്കുമെന്ന് അങ്ങ് പറയുന്നത് ശരിയല്ല. വികസനം വേണമെങ്കിൽ അങ്ങനെയെല്ലാം ചെയ്യേണ്ടിവരുന്നതാണ്. അങ്ങ് തെറ്റിദ്ധരിക്കരുത്. അങ്ങയോട് വ്യക്തി വിരോധമൊന്നുമില്ല. അങ്ങ്

ചെയ്തതുപോലെ ചെയ്യുന്ന ആളല്ല ഞാൻ. പക്ഷേ ഇതുചെയ്യാൻ പറ്റുന്നതാണോയെന്ന് അറിയുന്നതിനുവേണ്ടി ഈ ഫയലെടുത്ത് ആർക്കുവേണമെങ്കിലും പരിശോധിക്കാവുന്നതാണ്. ഏതായാലും സർക്കാരിന്റെ പൊതുമുതൽ ഇത്തരം അനാവശ്യകാര്യങ്ങൾക്ക് ദുർവ്യയം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കാൻ പാടില്ലെന്നുള്ളതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുതുടങ്ങാൻ പറയുകയാണെങ്കിൽ ഞാൻ തുടങ്ങാം. 17 കോടി രൂപയല്ല 20 കോടി രൂപ വേണമെങ്കിലും നൽകാം. പക്ഷേ അങ്ങ് പറഞ്ഞ കാര്യത്തിന്റെ പോക്ക് നീതിപൂർവ്വമല്ലെന്നറിയാം. ഇത് പൊളിക്കണമെന്നും പൊളിക്കരുതെന്നും പറഞ്ഞ് ബഹുമാനപ്പെട്ട കോടതിയിൽ കേസ് നൽകിയതിൽ ചില ജനപ്രതിനിധികളും കക്ഷി ചേർന്നിട്ടുണ്ട്. എന്റേത് അങ്ങനെയൊരു നിലപാടല്ല. ഞാൻ സത്യമാണ് പറയുന്നത്.